# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

**പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560**

**ഫോൺ: 0481 – 2733298, മൊബൈൽ : 9495119702**



**പി.ആർ.ഒ./39/258/2018** **2018 ഡിസംബർ 1**


# എം.ജി. വാർത്താക്കുറിപ്പ്

---

## രസതന്ത്ര പഠനത്തിന്റെ പ്രാധാന്യം

## വിളിച്ചോതി 'ആൾ കെമി' കോൺഗ്രസ്

**– കെമിക്കലല്ലാത്തതായി ഒന്നുമില്ല: പ്രൊഫ. എസ്. ശിവദാസ്**

വിദ്യാർഥികൾ ശരിയായ രീതിയിൽ അറിവ് നേടിയാലേ അറിവിന്റെ ഉല്പാദകരാകാൻ സാധിക്കുവെന്ന് പ്രൊഫ. എസ്. ശിവദാസ്. രാസമൂലകങ്ങളുടെ ആവർത്തന പട്ടികയുടെ അന്താരാഷ്ട്ര വർഷാചരണത്തിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലയും വിദ്യാഭ്യാസ പ്രവർത്തകരുടെ സന്നദ്ധ സംഘടനയായ ഇഫക്ടീവ് ടീച്ചറും ചേർന്ന് സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസിൽ സംഘടിപ്പിച്ച 'ആൾ കെമി' രസതന്ത്ര കോൺഗ്രസിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

രാസപദാർത്ഥമില്ലാത്തതൊന്നും തന്നെയില്ല. ഒരു വസ്തുവിലും കെമിക്കൽ ഇല്ല എന്ന് പറയാൻ കഴിയില്ല. മനുഷ്യ ശരീരമടക്കം രാസപദാർത്ഥങ്ങളാൽ നിർമ്മിതമാണ്. നിത്യജീവിതം രസതന്ത്രവുമായി അഭേദ്യ ബന്ധം പുലർത്തുന്നു. കുട്ടികൾക്ക് രസതന്ത്രപഠനത്തോട് സ്‌നേഹം തോന്നുന്നവിധത്തിലാവണം അധ്യാപനം. രസതന്ത്രം സ്‌നേഹിച്ച് പഠിക്കുന്ന വിദ്യാർഥി ക്രമേണ അറിവിന്റെ ഉല്പാദകനാകും. രാസമൂലക ആവർത്തന പട്ടികയുടെ ഉപജ്ഞാതാവായ ദിമിത്രി മെൻഡലീവ് മനസിൽതൊട്ട്, സ്‌നേഹിച്ച് രസതന്ത്രം പഠിച്ച വ്യക്തിയായിരുന്നുവെന്നും കൈവരിച്ച നേട്ടങ്ങൾ ഇതിന്റെ ഫലമാണെന്നും അദ്ദേഹം പറഞ്ഞു.

ഐ.ടി., കെമിക്കൽ, ആരോഗ്യം, ഊർജ്ജോല്പാദനം, ഓട്ടോമേഷൻ, ഓട്ടോ മൊബൈൽ മേഖലകളിൽ വലിയ മാറ്റം സൃഷ്ടിക്കാൻ നാനോടെക്‌നോളജിയിലൂടെ സാധിച്ചിട്ടുണ്ടെന്ന് രസതന്ത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്ത വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. വസ്തുക്കളുടെ വലുപ്പം, ഘടന എന്നിവയിൽ പൊളിച്ചെഴുത്ത് നടത്താനും നാനോടെക്‌നോളജിക്ക് കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. സ്‌കൂൾ ഓഫ് കെമിക്കൽ സയൻസസ് ഡയറക്ടർ ബീന മാത്യു അധ്യക്ഷത വഹിച്ചു.

'പദാർത്ഥ രസതന്ത്രം', 'രസതന്ത്രം ഇന്നലെ, ഇന്ന്, നാളെ' എന്നീ വിഷയങ്ങളിൽ ഐ.ഐ.എസ്.ടി. രസതന്ത്ര വിഭാഗം ഡീൻ ഡോ. കുരുവിള ജോസഫും ഐസർ രസതന്ത്ര വിഭാഗം അധ്യാപകൻ ഡോ. മഹേഷ് ഹരിഹരനും ക്ലാസെടുത്തു. സമാപന സമ്മേളനത്തിൽ ഡോ. സി.ടി. അരവിന്ദകുമാർ അധ്യക്ഷത വഹിച്ചു. ഇഫക്ടീവ് ടീച്ചർ പ്രസിഡന്റ് റജിമോൻ ചെറിയാൻ എൻ.ഡി. ശിവൻ, ടി. ഗോപാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. സ്‌കൂൾ-കോളേജ് അധ്യാപകരും ഗവേഷകരും ബി.എഡ്. വിദ്യാർഥികളും പങ്കെടുത്തു.

## പ്രൊഫ. സാബു തോമസിന് ഫ്രഞ്ച് സർവകലാശാലയുടെ

## പ്രൊഫസർ അറ്റ് ലൊറൈൻ പദവി

മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന് ഫ്രാൻസിലെ ലൊറൈൻ സർവകലാശാലയുടെ 'പ്രൊഫസർ അറ്റ് ലൊറൈൻ' പദവി. പോളിമർ സയൻസ്, നാനോ

സയൻസ്, നാനോ ടെക്നോളജി എന്നിവയിലെ മികച്ച അക്കാദമിക സംഭാവനകൾ വിലയിരുത്തിയാണ് പദവി നൽകിയത്.

ഇന്ത്യ - ഫ്രഞ്ച് സംയുക്ത ഗവേഷണ പരിപാടികൾക്കും വിദ്യാർഥി കൈമാറ്റ പദ്ധതികൾക്കും പ്രോത്സാഹനവും സഹായവുമാവുന്നതാണ് പദവി. നാലു വർഷമാണ് കാലാവധി. പ്രൊഫ. സാബു തോമസിന് രാജ്യാന്തര ജേർണലുകളിൽ 800ലധികം പബ്ലിക്കേഷനുകളാണുള്ളത്. ഇതിന് നിലവിൽ 39191 തവണ ഗവേഷണ പ്രബന്ധങ്ങളിലും മറ്റും അവലംബ വിധേയമായിട്ടുണ്ട്. ഗവേഷക മികവ് കണക്കാക്കുന്ന എച്ച്-ഇൻഡക്സ് 91 ആണ്. ഇരു രാജ്യങ്ങളും തമ്മിൽ സംയുക്ത ഗവേഷണ പദ്ധതികൾ നടപ്പാക്കാനും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനും യൂറോപ്യൻ യൂണിയന്റെ പ്രൊജക്ടുകൾ നേടാനും ഇതിലൂടെ അവസരമൊരുങ്ങും. മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ, വിദ്യാർഥി കൈമാറ്റ പദ്ധതികൾ എന്നിവയിലൂടെ മഹാത്മാ ഗാന്ധി സർവകലാശാലയ്ക്കും നേട്ടമുണ്ടാകും.

പ്രൊഫ. സാബു തോമസിനു കീഴിൽ 90പേർ ഗവേഷണം പൂർത്തീകരിച്ചിട്ടുണ്ട്. മിശ്രസംയുക്ത പദാർത്ഥങ്ങളുടെ മേഖലയിലെ മികച്ച സംഭാവനകൾക്ക് 2017ൽ ലൊറൈൻ സർവകലാശാലയും 2015ൽ സൗത്ത് ബ്രിട്ട്നി സർവകലാശാലയും 'ഡോക്ടർ ഹൊണോറിസ് കോസ' പദവി നൽകി ആദരിച്ചിരുന്നു. 2018ലെ മികച്ച അക്കാദമീഷ്യനുള്ള 'ട്രില' പുരസ്കാരവും ലഭിച്ചിരുന്നു.

## <u>ഫോട്ടോ ക്യാപ്ഷൻ</u>

**പ്രൊഫ. സാബു തോമസ്**

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം റഗുലർ - 2018 അഡ്മിഷൻ/ 2017 അഡ്മിഷൻ റീഅപ്പിയറൻസ്), സി.ബി.സി.എസ്.എസ്. (2016 അഡ്മിഷൻ റീഅപ്പിയറൻസ്) യു.ജി. പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഏഴു മുതൽ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും ഓൺലൈനായി അപേക്ഷിക്കാം.

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ്.സി./ എം.കോം/ എം.സി.ജെ./ എം.എസ്.ഡബ്ല്യു/ എം.ടി.എ./ എം.ടി.ടി.എം. (2018 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ ഡിസംബർ ഏഴു മുതൽ 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 13 വരെയും ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എസ്സി. കമ്പ്യൂട്ടർ സയൻസ് (സി.ബി.സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013-2015 അഡ്മിഷൻ റീഅപ്പിയറൻസ്) ഒക്ടോബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ നാല്, ആറ് തീയതികളിൽ വിവിധ കോളേജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

നാലാം സെമസ്റ്റർ ബി.വോക് ബിരുദ പരീക്ഷ (മാർക്കറ്റിങ് മാനേജ്മെന്റും ഐ.ടി.യും റീടെയിൽ മാനേജ്മെന്റും ഐ.ടിയും - 2016 അഡ്മിഷൻ റഗുലർ/2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) നവംബർ 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ ആറ്, ഏഴ് തീയതികളിൽ മാന്നാനം കെ.ഇ. കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## വൈവാവോസി

രണ്ടാം സെമസ്റ്റർ എം.ഫിൽ സുവോളജി (2015, 2016 അഡ്മിഷൻ) പരീക്ഷയുടെ പ്രോജക്ട് ഇവാല്യുവേഷനും വൈവാവോസിക്കും പിഴയില്ലാതെ ഡിസംബർ നാലു വരെയും 500 രൂപ പിഴയോടെ ആറു വരെയും 1000 രൂപ സൂപ്പർഫൈനോടെ 10 വരെയും അപേക്ഷിക്കാം.

എം.കോം ഓഫ് കാമ്പസ് - പ്രോജക്ട് ഇവാല്യുവേഷൻ ആന്റ് വൈവാവോസി പരീക്ഷ ഡിസംബർ 12ന് രാവിലെ 10.30ന് സിൽവർ ജൂബിലി പരീക്ഷാഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

## എം.ബി.എ. സൂക്ഷ്മപരിശോധന

2018 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. (റഗുലർ/സപ്ലിമെന്ററി - അഫിലിയേറ്റഡ് കോളേജ്) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധന ഡിസംബർ നാലു മുതൽ ഏഴു വരെ സിൽവർ ജൂബിലി പരീക്ഷാഭവനിലെ ഇ.ജെ. 8 സെക്ഷനിൽ (റൂം നമ്പർ 226) നടക്കും. വിദ്യാർഥികൾ അസൽ രേഖകൾ/ഹാൾടിക്കറ്റുമായി എത്തണം.

## പരീക്ഷഫലം

2018 ഒക്ടോബറിൽ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ നടത്തിയ നാലാം സെമസ്റ്റർ എം.ടെക് കമ്പ്യൂട്ടർ സയൻസ് ആന്റ് ടെക്നോളജി (എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി - സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

2017 നവംബറിൽ നടത്തിയ മൂന്ന്/നാല് സെമസ്റ്റർ എം.കോം പ്രൈവറ്റ് (റഗുലർ, സപ്ലിമെന്ററി), റഗുലർ സപ്ലിമെന്ററി (നോൺ സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 17 വരെ അപേക്ഷിക്കാം.

## ഫോട്ടോ ക്യാപ്ഷൻ

**എം.ജി. സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിന്റെ ആഭിമുഖ്യത്തിൽ 'ഹസാർഡ് അനാലിസിസ് ആന്റ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (എച്ച്.എ.സി.സി.പി.) എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന ശില്പശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

**എ. അരുൺ കുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**